**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 250** **22-06-2026-ൽ മറുപടിയ്ക്ക്**

**ബേപ്പൂർ നിയോജക മണ്ഡലത്തിലെ സപ്ലൈക്കോ ഔട്ട്ലെറ്റുകൾ, കെ-സ്റ്റോറുകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. എ. മുഹമ്മദ് റിയാസ് ശ്രീ. അനൂപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** ബേപ്പൂർ നിയോജക മണ്ഡലത്തിൽ നിലവിൽ എത്ര സപ്ലൈക്കോ ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നു; അവ ഏതൊക്കെയെന്ന് വിശദമാക്കാമോ; മണ്ഡലത്തിൽ പുതിയ ഔട്ട്ലെറ്റുകൾ തുടങ്ങുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** ബേപ്പൂർ നിയോജക മണ്ഡലത്തിൽ നിലവിൽ താഴെ പറയുന്ന 8 സപ്ലൈകോ വിൽപ്പനശാലകൾ പ്രവർത്തിച്ചു വരുന്നു.

1) ചാലിയം മാവേലി സ്റ്റോർ

2) കരുവൻതിരുത്തി മാവേലി സ്റ്റോർ

3) മാത്തോട്ടം മാവേലി സ്റ്റോർ

4) മണ്ണൂർ വളവ് മാവേലി സ്റ്റോർ

5) പരുത്തിപ്പാറ മാവേലി സ്റ്റോർ

6) നല്ലളം മാവേലി സൂപ്പർ സ്റ്റോർ

7) ചെറുവണ്ണൂർ സൂപ്പർ മാർക്കറ്റ്

8) രാമനാട്ടുകര സൂപ്പർ മാർക്കറ്റ്

മണ്ഡലത്തിൽ പുതിയ ഔട്ട് ലെറ്റുകൾ അനുവദിക്കുന്നതിനായി നിലവിൽ അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല.

**(ബി)** ബേപ്പൂർ നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര കെ-സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം പഞ്ചായത്ത് / മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ വിശദമാക്കാമോ; പുതിയ കെ-സ്റ്റോറുകൾ അനുവദിക്കുന്നത് പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കാമോ?

**മറുപടി:** കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നിയോജകമണ്ഡലത്തിൽ നിലവിൽ 5 കെ-സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിന്റെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. പുതിയ കെ-സ്റ്റോറുകൾ അനുവദിക്കുന്നതിനായി നിലവിൽ അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല.

I. ഫറൂഖ് മുൻസിപ്പാലിറ്റി - 2 എണ്ണം

II. രാമനാട്ടുകര മുനിസിപ്പാലിറ്റി - 1 എണ്ണം

III. കടലുണ്ടി പഞ്ചായത്ത് - 1 എണ്ണം

IV. കോഴിക്കോട് കോർപ്പറേഷൻ - 1 എണ്ണം

ആകെ - 5 എണ്ണം

**സെക്ഷൻ ഓഫീസർ**